**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2365**

**09.12.2014 ലെ മറുപടിക്ക്**

**<u>ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സമയപരിധി</u>**

<table>
<tr><td colspan="2">ചോദ്യം.<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ).<br>എം.എൽ.എ</td><td colspan="3">ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി</td></tr>
<tr><td rowspan="4">(എ)</td><td rowspan="4">സംസ്ഥാനത്ത് MLA-SDF ൽ ഭരണാനുമതി നൽകിയതിനുശേഷം പ്രവർത്തികൾ പൂർത്തീകരിക്കാനുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കാമോ ;</td><td colspan="3">എം.എൽ.എ ഫണ്ടിൻ കീഴിലുള്ള പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ച കൊണ്ട് 20.11.2009 ൽ G.O(P)No.518/09/Fin പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</td></tr>
<tr><td>i</td><td>25 ലക്ഷം രൂപ വരെ</td><td>ഭരണാനുമതി നല്കിയ തീയതി മുതൽ 6 മാസം വരെ</td></tr>
<tr><td>ii</td><td>25 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ</td><td>ഭരണാനുമതി നല്കിയ തീയതി മുതൽ 9 മാസം വരെ</td></tr>
<tr><td>iii</td><td>50 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെ</td><td>ഭരണാനുമതി നല്കിയ തീയതി മുതൽ 12 മാസം വരെ</td></tr>
<tr><td>(ബി)</td><td>റോഡിന്റെയും മറ്റും കാര്യത്തിൽ ഈ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;</td><td colspan="3" rowspan="2">റോഡിന്റെയും മറ്റും കാര്യത്തിൽ നിശ്ചിത പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും പ്രതികൂല കാലാവസ്ഥ, സൈറ്റ് കണ്ടീഷൻ മറ്റ് അപ്രതീക്ഷിത സാഹചര്യങ്ങൾ എന്നിവ മൂലം സമയപരിധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് സമയപരിധി ദീർഘിപ്പിച്ച് നൽകാറുള്ളതായി വിവിധ ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകുന്നതാണ്.</td></tr>
<tr><td>(സി)</td><td>എങ്കിൽ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയം ഒരു വർഷമായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**